(ഡി) അമിത വേഗത്തിൽ പോയതിന് ഈ സർക്കാരിന്റെ കാലത്ത് എത്ര ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ജീവൻ രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി പലപ്പോഴും ഇത്തരം വാഹനങ്ങൾക്ക് വേഗതാ പരിധി ലംഘിക്കേണ്ടി വരുന്നതിനാൽ ഇത്തരം വാഹനങ്ങളെ വേഗതാ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഗതാഗത കമ്മീഷണർ ഒരു സർക്കുലർ 8-6-2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ആംബുലൻസുകളെയും ഫയർ ബ്രിഗേഡ് വാഹനങ്ങളെയും വേഗതാ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 369 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം അഞ്ചോളം ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

പെർമിറ്റില്ലാതെ യാത്ര നടത്തുന്ന സ്വകാര്യ ബസ്സുകൾ

323 (3145) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശസാൽകൃത റൂട്ടുകളിൽ പെർമിറ്റില്ലാതെ സ്വകാര്യ ബസുകൾ യാത്ര നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കെ.എസ്.ആർ.ടി.സി.യുമായുള്ള മൽസര ഓട്ടത്തിന് ഇടവരുത്തുകയും അപകടങ്ങളിലേക്ക് വഴിവെക്കുകയും ചെയ്യുകയും യാത്രക്കാർക്ക് അപകട ഇൻഷുറൻസ് പോലും ലഭിക്കാത്ത അവസ്ഥവരെ ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ ബസുകളുടെ പെർമിറ്റില്ലാത്ത റൂട്ടുകളിലെ യാത്രയുമായി ബന്ധപ്പെട്ട് സർക്കാരിന് പരാതി ലഭിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നിന്നാണ് പരാതി ലഭിച്ചതെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇല്ല.

(സി) ഇല്ല. എന്നാൽ ഇടുക്കി, വയനാട് ജില്ലകളിൽ സ്വകാര്യ ബസ്സുകൾ പെർമിറ്റില്ലാതെ സർവ്വീസ് നടത്തുന്നു എന്ന പരാതി ലഭിച്ചിരുന്നു. ഇത് അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന അന്വേഷണം നടത്തിയെങ്കിലും പരാതിയിൽ സൂചിപ്പിക്കുന്ന ബസ്സുകൾ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടില്ല.

കരുനാഗപ്പള്ളിയിൽനിന്ന് അന്തർ സംസ്ഥാന സർവ്വീസ്

324 (3146) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് അന്തർ സംസ്ഥാന സർവ്വീസ് തുടങ്ങണമെന്ന നിരന്തരമായ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ കരുനാഗപ്പള്ളിയിൽനിന്നും അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

കട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

325 (3147) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എടത്വാ ഡിപ്പോയിൽ നിന്നുള്ള പൂപ്പള്ളി-ചമ്പക്കുളം സ്റ്റേ ബസ് കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദ് ചെയ്തത് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly